**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആശാധാര മുഖേന സഹായം അനുവദിക്കണമെന്ന ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാധാര മുഖേന ഫൈബ്രിനോജൻ ഫാക്ടർ എന്ന മരുന്ന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് രക്തസ്രാവ വൈകല്യം കാരണം ബുദ്ധിമുട്ടുന്ന കോട്ടക്കൽ മണ്ഡലത്തിലെ ശ്രീമതി ബുഷ്‌റ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | ശ്രദ്ധയി**ൽ**പ്പെട്ടിട്ടുണ്ട്. ആശാധാര സംസ്ഥാന ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് സാ**മ്പ**ത്തിക ബാധ്യത പരിഗണിച്ച് ശ്രീമതി.ബുഷ്‌റയുടെ നിവേദനത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്. |
| (ബി) | ഫൈബ്രിനോജൻ ഡിസോർഡർ എന്ന രക്തസ്രാവ വൈകല്യം ഉള്ള ടിയാൾ നിലവിൽ കഴിച്ചുകൊണ്ടിരിക്കുന്ന ഫ്രഷ് ഫ്രോസൻ പ്ലാസ്മ നിരവധി രക്തജന്യ രോഗങ്ങൾ ഉണ്ടാക്കുന്നതിനാൽ ടിയാളുടെ ജീവൻ നിലനിർത്താൻ ആവശ്യമായ ഫൈബ്രിനോജൻ ഫാക്ടർ എന്ന മരുന്ന് ആശാധാര വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ ആശാധാര പദ്ധതി വഴി ഫൈബ്രിനോജൻ ഫാക്ടർ ലഭ്യമല്ല. ആശാധാര പദ്ധതിയുടെ കീഴിൽ ഹീമോഫീലിയ രോഗികളിൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രൊഫൈലാക്സിസ് നൽകുക എന്നതും, മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക് അവരുടെ ആവശ്യകത അനുസരിച്ച് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ചികിത്സാ പ്രോട്ടോകോൾ ആധാരമാക്കിയുള്ള സൗജന്യ ചികിത്സയും സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയോ, സംശയിക്കുകയോ ചെയ്യുന്ന രോഗി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന മുറയ്ക്ക് അടിയന്തിര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഹീമോഫീലിയ ഇതര രക്തസ്രാവ രോഗങ്ങളുടെ (ഫൈബ്രിനോജൻ ഡിസോർഡർ ഉൾപ്പടെ) ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്നതിന് ആശാധാര സംസ്ഥാനതല ടെക്നിക്കൽ കമ്മറ്റിയുടെ മുമ്പാകെ ടി വിഷയം സമർപ്പിച്ചിരിക്കുകയാണ്. ടി കമ്മിറ്റിയുടെ ശുപാർശ പ്രകാരം സാമ്പത്തിക ബാധ്യത പരിഗണിച്ച് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ